പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമ പെൻഷൻ**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3316 12.12.2014 ൽ മറുപടിക്ക്

| ചോദ്യം. | ഉത്തരം |
|---|---|
| **ശ്രീ.സി.ദിവാകരൻ** | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| 2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമ പെൻഷൻ നടപ്പിലാക്കണമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; എത്ര തൊഴിലാളികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ? | ഇല്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷേമപെൻഷൻ നൽകുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതവും ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി ഒരു പെൻഷൻ പദ്ധതി സർക്കാർ, 2013-14 ലെ ബഡ്ജറ്റിൽ, പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ